**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി. ഓമന. കെ യെ 18/06/2001 തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ (സാധാ)നം. 2690/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,28/11/2019

---

പരാമർശം : 1. 25.11.2005 ലെ GO(p) No. 501/2005/Fin ഉത്തരവ്

2. സ.ഉ (പി) 61/2010/ധന തിയതി 09.2.2010.

3. 15.07.2010 ലെ സ.ഉ(സാധാ) നം. 2314/10/തസ്വഭവ ഉത്തരവ്

4. ബഹു. കേരള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.10.2018 ലെ TA 237/2014 ഉത്തരവ്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീമതി. ഓമന 5/01/2000 മുതൽ കാഷ്വൽ സ്വീപ്പറായി ടി പഞ്ചായത്തിൽ ജോലി ചെയ്തു വരവെ ടിയാരിയെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന WP(C) 24684/08 ഹർജിയിലെ 17.03.2009 ലെ വിധിന്യായത്തിൽ ടിയാരിക്ക് പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നും സർക്കാർ നടപടി സ്വീകരിക്കാനും ബഹു ഹൈക്കോടതി ഉത്തരവായിരുന്നതും ആയതിൻപ്രകാരം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ഓമനയെ 09.02.2010 പ്രാബല്യത്തിൽ ടി തസ്തികയിൽ ക്രമവൽക്കരിക്കുകയും പഞ്ചായത്ത് സെക്രട്ടറി ടിയാരിയെ 18.06.2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയ ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തുകൊണ്ട് പരാമർശം (3) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ അപേക്ഷക വീണ്ടും കോടതിയെ സമീപിക്കുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ താഴെ പറയും പ്രകാരം നിർദേശിക്കുകയും ചെയ്തു.

" ....... the 1st respondent has a legal obligation as per G.O. 501 to regularise the service of the applicant and it is duty of the 1st respondent to see that any irregularity in the Procedure is rectified. The action of the 1st respondent in having ordered recovery of the amount instead of curing the defects if any, is arbitrary and illegal. The demand for recovery of the Pay and allowances already drawn by the applicant cannot be sustained. Ext.p5 order is therefore

set aside. It is declared that the applicant is entitled to be regularised in service with effect from 18/6/2001 with all consequential benefits and the 1st respondent is directed to issue necessary orders to regularise the service of the applicant with effect from the said date with in two months from the date of receipt of this order and to grant her all consequential benefits. The Transferred Application is allowed to the above extent."

പരാമർശം (1) ഉത്തരവ് പ്രകാരം 25/11/2005 തീയതിയിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 100 ച. മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി താൽക്കാലിക/ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വന്നിരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. ശ്രീമതി. ഓമനയെ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം 18.6.2001 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്താൻ കഴിയുന്നതല്ല കൂടാതെ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3(1) ലെ വ്യവസ്ഥ പ്രകാരമാണ് ടിയാരിയെ സ്ഥിരപ്പെടുത്തി പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിനെതിരെ ബഹു. കേരളാ ഹൈക്കോടതിയിൽ OP(KAT) 461/2019 അപ്പീൽ ഫയൽ ചെയ്തിരുന്നു. എന്നാൽ ഇതേ സമയം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് നടപ്പിലാക്കാത്തതിനെതുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽസ് ആക്ട് സെക്ഷൻ 27 പ്രകാരം കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കുന്നതിലേക്കായി അപേക്ഷക ബഹു. ട്രൈബ്യൂണൽ മുമ്പാകെ MA 1700/19 ഫയൽ ചെയ്യുകയും ബഹു. ട്രൈബ്യൂണലിന്റെ 15.11.2019 ലെ MA 1700/19 in TA 237/2014 ഉത്തരവിൽ താഴെ പറയും പ്രകാരം നിർദേശിക്കുകയും ചെയ്തു.

"........... I find no reason to recall the order or to keep in abeyance further proceedings of the matter. However, taking note of the fact that Hon'ble High Court has admitted the OP(KAT), I do not propose to take any action at this stage. Since there is no interim stay order, staying the operation of the order, the first respondent is bound to comply with the same subject to the orders in the OP(KAT). He is directed to comply with the order in Transferred Application, if the same is not stayed by the Hon'ble High Court, and produce a copy of the same. Post on 29.11.2019."

മേൽ സാഹചര്യത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(KAT) 461/2019 നം. അപ്പീലിലെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കുമെന്ന വ്യവസ്ഥയോടുകൂടി മലയാലപ്പുഴ ഗ്രാമപഞ്ചായത്തിൽ 18.06.2001 തീയതി മുതൽ

പ്രാബല്യത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി ഓമന. കെ യെ പ്രസ്തുത തീയതി പ്രാബല്യത്തിൽ എല്ലാ ആനുകൂല്യങ്ങളോടുംകൂടി ടി തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ച് കൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

ശ്രീമതി. ശ്രീമതി. ഓമന. കെ, പാർട്ട് ടൈം സ്വീപ്പർ, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല ( സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല
സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. 1301398/EXP-C2/98/2019-FIN തീയതി 01.10.2019 പ്രകാരം).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/199/2018-LSGD/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Denny MS
സെക്ഷൻ ഓഫീസർ